**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ വനിതാ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് വനിത പോളിടെക്നിക്ക് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ സഹിതം വിശദമാക്കാമോ; | (എ) | കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിൽ മൂന്ന് നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ളോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നിസുരക്ഷാ സംവിധാനം, റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി 4202-02-104-99 എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാകാതെ വരികയും ഭരണാനുമതി കാലയളവിനുള്ളിൽ പൊതുമരാമത്ത് വകുപ്പിനു പണി ആരംഭിക്കുവാൻ സാധിക്കാതെയും വന്നതിനാൽ പ്രസ്തുത ഭരണാനുമതി കാലഹരണപ്പെട്ടതിനെ തുടർന്നു പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം 3,19,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി കെൽ എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായി. ടി ഭരണാനുമതിയിലെ ശീർഷകത്തിൽ നിന്നും പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖാന്തിരം നടപ്പാക്കുന്നതിനായുള്ള ശീർഷകമായ 2202-02-104-89-Polytechnics Infrastructure Works assigned to other agencies എന്നാക്കി വീണ്ടും ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി_സ്ഥാപനത്തിൽ പുതിയ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ കെട്ടിട സമുച്ചയം പണിയുന്നതിലേക്കായി M/s.KEL-ൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പ്രകാരം ഇലക്ട്രോണിക്സ് ബ്ലോക്കിൻറെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ((includes construction the building, Water |

| | | | |
|---|---|---|---|
| | | | supply, sump, sanitary works, Rainwater Harvesting) ആണ് സർക്കാരിൽ സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്ടിന്റെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ന്യൂനത പരിഹരിച്ച് കൊണ്ട് ലഭ്യമാക്കുന്നതിനും മുഴുവൻ പ്രോജക്ടും ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് മൽസര ഓഫറുകൾ നേടുന്നതിന് നടപടി ആരംഭിക്കുവാനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസലിൽ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ Ms.KEL – നോട് നിർദേശിക്കുന്നതിനോടൊപ്പം സർക്കാർ അംഗീകൃത ഏജൻസികളായ കിറ്റ്കോ, പി.ഡബ്ല്യൂ.ഡി എന്നിവയോടും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന്___ഡയറക്ടർ നിർദേശിച്ചിരുന്നു. ആവശ്യപ്പെട്ടിരുന്ന എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി പുതുക്കി നൽകാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തി നടക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവൃത്തിയിൽ ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കാനുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിൽ മൂന്ന് നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ളോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നിസുരക്ഷാ സംവിധാനം, റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി 4202-02-104-99 എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാകാതെ വരികയും ഭരണാനുമതി കാലയളവിനുള്ളിൽ പൊതുമരാമത്ത് വകുപ്പിനു പണി ആരംഭിക്കുവാൻ സാധിക്കാതെയും വന്നതിനാൽ പ്രസ്തുത ഭരണാനുമതി കാലഹരണപ്പെട്ടതിനെ തുടർന്നു പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം 3,19,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി കെൽ എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായി. ടി ഭരണാനുമതിയിലെ ശീർഷകത്തിൽ നിന്നും പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖാന്തിരം നടപ്പാക്കുന്നതിനായുള്ള ശീർഷകമായ 2202-02-104-89-Polytechnics Infrastructure Works assigned to other agencies എന്നാക്കി വീണ്ടും ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി_സ്ഥാപനത്തിൽ പുതിയ ഇലക്ട്രോണിക്സ് |

| | | | |
|---|---|---|---|
| | | | & ഇൻസ്ട്രുമെന്റേഷൻ കെട്ടിട സമുച്ചയം പണിയുന്നതിലേക്കായി M/s.KEL-ൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പ്രകാരം ഇലക്ട്രോണിക്സ് ബ്ലോക്കിൻറെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ((includes construction the building, Water supply, sump, sanitary works, Rainwater Harvesting) ആണ് സർക്കാരിൽ സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്ടിന്റെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ന്യൂനത പരിഹരിച്ച് കൊണ്ട് ലഭ്യമാക്കുന്നതിനും മുഴുവൻ പ്രോജക്ടും ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് മൽസര ഒാഫറുകൾ നേടുന്നതിന് നടപടി ആരംഭിയ്ക്കുവാനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസലിൽ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ Ms.KEL – നോട് നിർദേശിക്കുന്നതിനോടൊപ്പം സർക്കാർ അംഗീകൃത ഏജൻസികളായ കിറ്റ്കോ, പി.ഡബ്ല്യൂ.ഡി എന്നിവയോടും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന്___ഡയറക്ടർ നിർദേശിച്ചിരുന്നു. ആവശ്യപ്പെട്ടിരുന്ന എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി പുതുക്കി നൽകാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | കിറ്റ്കോ, പി.ഡബ്ല്യൂ.ഡി., കെൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി അനുവദിയ്ക്കുന്ന മുറയ്ക്കക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ